AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

# Press Release

PR . 45/2018

16.03.2018

## വയനാട് പ്രത്യേക കാർഷിക മേഖലയായി നാളെ പ്രഖ്യാപിക്കും

പരമ്പരാഗത നെൽവിത്തിനങ്ങളുടെ സംരക്ഷണം, പുഷ്പകൃഷി, ഫലവർഗ്ഗ ഗ്രാമം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് വയനാടിനെ പ്രത്യേക കാർഷിക മേഖലയാക്കി നാളെ (17.03.2018) **കൃഷിവകുപ്പ് മന്ത്രി അഡ്വ.വി. എസ് സുനിൽകുമാർ** പ്രഖ്യാപിക്കും. സംസ്ഥാന കൃഷി വകുപ്പും കാർഷിക സർവ്വകലാശാലയും ചേർന്ന് അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് നടത്തുന്ന അന്താരാഷ്ട്ര ഓർക്കിഡ് ഫെസ്റ്റിനോടനുബന്ധിച്ചായിരിക്കും പ്രഖ്യാപനം. സുൽത്താൻ ബത്തേരി എം. എൽ. എ ഐ.സി ബാലകൃഷ്ണൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും.

ഓർക്കിഡ് ഫെസ്റ്റിനോടനുബന്ധിച്ച്, ഓർക്കിഡ് സൊസൈറ്റി ഓഫ് ഇന്ത്യ സംഘടിപ്പിക്കുന്ന അഖിലേന്ത്യ ഓർക്കിഡ് ശിൽപ്പശാല, ദേശീയ-അന്തർദേശീയ പ്രദർശന സ്ററാളുകൾ, പ്രശ്സതരായ അന്താരാഷ്ട്ര ശാസ്ത്രജ്ഞരുടെ സെമിനാറുകൾ, വയനാടിന്റെ പരമ്പരാഗത നെൽവിത്തിനങ്ങളുടെ ഡയറക്ടറി പ്രകാശനം, വയനാടിന്റെ പരമ്പരാഗത നെൽവിത്തിനങ്ങൾ സംരക്ഷിക്കുന്ന കർഷകരെ ആദരിക്കൽ, ഭിന്ന ശേഷിയുള്ള കുട്ടികൾക്കായി ആർ.എ.ആർ.എസ്, കെ.വി.കെ, എസ്,എസ്.എ, എന്നിവർ സംയുക്തമായി സംഘടിപ്പിച്ച ഹോർട്ടികൾച്ചർ തെറാപ്പിയുടെ ഗുണഭോക്താക്കളായ കുട്ടികളെയും രക്ഷിതാക്കളെയും പരിചയപ്പെടുത്തൽ എന്നിവയും ഇതോടൊപ്പമുണ്ട്.

പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിക്കുന്ന വയനാട്ടിൽ ആദ്യ ഘട്ടത്തിൽ പുഷ്പഗ്രാമം പദ്ധതി കൃഷി വകുപ്പ് നടപ്പാക്കുന്നു. ഓരോഗ്രാമങ്ങളിലും പുഷ്പ വിളകൃഷി ചെയ്യാനായി കർഷക കൂട്ടായ്മകളെ സജ്ജമാക്കി എടുക്കുന്നതാണ് പ്രസ്തുത പദ്ധതി.

ഉച്ചതിരിഞ്ഞ് ബത്തേരി അമ്മായിപ്പാലം റൂറൽ അഗ്രികൾച്ചർ ഹോൾസെയിൽ മാർക്കറ്റിൽ വച്ചു നടക്കുന്ന ആത്മ ടെക്നോളജി മീറ്റിൽ കാർഷിക പ്രദർശനവും അവാർഡ് ദാനവും ഉായിരിക്കുന്നതാണ്. **ആത്മ ടെക്നോളജി മീറ്റ് 2 മണിയ്ക്ക് കൃഷിമന്ത്രി അഡ്വ: വി. എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്യും.** പ്രസ്തുത ചടങ്ങിൽ മികച്ച ജൈവ പഞ്ചായത്തുകൾക്കുള്ള അവാർഡ് വിതരണം, സീറോ ബജറ്റ് റിസർച്ച് റിപ്പോർട്ട് പ്രകാശനം എന്നിവയും ഉണ്ടായിരിക്കും.

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ